# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 11/2023
# 28.12.2023 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. വാർഷിക സമ്മേളനങ്ങൾ
5. സെക്രട്ടറിയേറ്റ് മാർച്ച്
6. മറ്റ് ബന്ധപ്പെട്ടവ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീക് ടി., ഡോ. ഗീതാനമ്പ്യാർ എം.കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി.ആർ., ഡോ. എം.എസ്. മുരളി, രഘുദാസ് പി. വി., ശശി സി.ടി., ഡോ. ബി. അശോക്, സൗമ്യ എസ്., ഡോ. വിഷ്ണു വി.എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗായത്രി ദേവി ജി., ഡോ. അജി. പി. എൽ., ഡോ. ആർ. പ്രഗാഷ്, സുശാന്ത് പി., ഡോ. സഞ്ജയ് എസ്., ഡോ. ബേബി ഷീബ സി. പി., ഡോ. ജിനീഷ് പി. എസ്., സോബിൻ വർഗീസ് എം.വി,ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., ഡോ.സുനിത ഗണേഷ്, ഡോ. എം. എ. അസ്കർ, ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. സെനോ ജോസ്, ഡോ. ആനന്ദ് ടി. എ., ഡോ. റോസ് നിക്സ് പി.കെ. ഡോ. മാണിക്ക്യരാജ് കെ., ഡോ. ഷജില ബീവി, ഡോ. റിജുലാൽ ജി., രാജു എം. സി., ഡോ. കെ. റഹീം, ഡോ. പ്രദീപ് കുമാർ, ഡോ. മോത്തി ജോർജ്, ഡോ. രഞ്ജിത്ത് മോഹൻ, അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുജ ടി.വി., ആൽബർട്ട് ആൻറണി ടി., രജിത സി. ആർ., ഡോ. ഉദയകുമാർ, ഡോ. ദിനേശൻ പി.കെ., ഡോ. ഷാനവാസ് പി. എച്ച്., ആസിഫ് ഇഖ്ബാൽ കാക്കശ്ശേരി.

വൈകുന്നേരം 7.30 മണിക്ക് ഓൺലൈനായി ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ.ഗീതാനമ്പ്യാർ എം. കെ. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

തമിഴ്നാട്ടിൽ ഉണ്ടായ പ്രളയത്തിൽ മരണപ്പെട്ടവർ, ഫുട്ബോൾ താരവും പരിശീലകനുമായ ടി. എ. ജാഫർ, പ്രമുഖ തമിഴ് നടനും, ദേശീയ മുർപോക്ക് ദ്രാവിഡ കഴകം സ്ഥാപക നേതാവുമായ വിജയകാന്ത്, പ്രശസ്ത നാടക രചയിതാവും സംവിധായകനുമായ പ്രശാന്ത് നാരായണൻ, ജമ്മു കാശ്മീരിൽ ഉണ്ടായ ഭീകര ആക്രമണത്തിൽ മരണപ്പെട്ട സൈനികർ എന്നിവർക്ക് എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതി യോഗം.

ഇതേ തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീക് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട കേസ് ഹൈക്കോടതി ക്രിസ്തുമസ് അവധിക്ക് ശേഷം പരിഗണിക്കുന്നതാണ്.പ്രൊഫസർഷിപ്പ് സംബന്ധിച്ച് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സർക്കുലർ ഇറങ്ങിയിട്ടുണ്ട്. ഇനിമുതൽ വർഷത്തിൽ രണ്ടു തവണ അപേക്ഷ നൽകുവാൻ സാധിക്കും. ബി.ഓപ്ഷൻ അനുസരിച്ച് പ്ലെയ്സ്മെന്റ് ലഭിച്ച അധ്യാപകർക്ക് പേ-സ്ലിപ്പ് നൽകുന്നതിൽ പുതിയ യു.ജി.സി ഭേദഗതിയുടെ പശ്ചാത്തലത്തിൽ എ.ജി ഓഫീസ് വീണ്ടും തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സംഘടന വേണ്ട ഇടപെടൽ നടത്തിവരുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പ് ലോ കോളേജ് അധ്യാപകരുടെ പ്ലെയ്സ്മെന്റിനുള്ള സെലക്ഷൻ കമ്മറ്റി രൂപീകരിച്ചു. എത്രയും വേഗം പ്രമോഷൻ നടപടികൾ നടക്കുന്നതാണ്. ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകർക്കും പ്രിൻസിപ്പൽ നിയമനത്തിന് അപേക്ഷിക്കാൻ സാധിക്കുന്നതാണ് ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസവകുപ്പ് വ്യക്തത വരുത്തി ഉത്തരവ് ഇറക്കിയിട്ടുണ്ട്.ഇത് സംഘടനാ നിലപാടിന്റെ വിജയംകൂടിയാണ്. ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ നിയമനം വേഗത്തിലാക്കാൻ ഇടപെടൽ നടത്തിവരുന്നു. കോളേജ് അധ്യാപക നിയമനത്തിന് സ്ലെറ്റ്/ സെറ്റ് പാസ്സായവർക്ക് അപേക്ഷ നൽകാൻ സാധിക്കുന്നതാണ് എന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കിയിരുന്നു. സംഘടന ഈ വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തുകയും പ്രസ്തുത ഉത്തരവ് ഉന്നതവിദ്യാഭ്യാസ വകുപ്പ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. അധ്യാപകരുടെ 2024-25 അക്കാദമിക് വർഷത്തെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച സർക്കുലർ എത്രയും വേഗം ഇറക്കാൻ വേണ്ട ഇടപെടൽ നടത്തും.സർവീസ് മേഖലയിലെ ഡി.എ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള യൂണിറ്റ്/ജില്ലാതല പ്രക്ഷോഭങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചു. സംസ്ഥാനതല സെക്രട്ടറിയേറ്റ് മാർച്ച് ജനുവരി 29ന് നടക്കുന്നതാണ്. ഇതിൽ ജില്ലയിൽ നിന്നുള്ള പങ്കാളിത്തം ഇന്ന് തീരുമാനിക്കണം. മാർച്ച് 2,3 തീയ്യതികളിൽ കണ്ണൂരിൽ ചേരുന്ന സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതസംഘ രൂപീകരണ യോഗം ജനുവരി 16ന് കണ്ണൂരിൽ നടക്കും. ഇതുമായി ബന്ധപ്പെട്ട യൂണിറ്റ്/ ജില്ലാ സമ്മേളനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കണം. ജില്ലാ സമ്മേളനത്തിൽ പങ്കെടുക്കുന്ന സംസ്ഥാന ഭാരവാഹികളെയും ഇന്ന് തീരുമാനിക്കണം. യാത്രയയപ്പ് സമ്മേളനവും, വനിതാ സമ്മേളനവും ഫെബ്രുവരി അവസാന വാരം പൂർത്തീകരിക്കണം. ആലപ്പുഴയിൽ ചേർന്ന സംസ്ഥാന പ്രവർത്തക ക്യാമ്പിന്റെ റിപ്പോർട്ടും, കണക്കും ആലപ്പുഴ ജില്ലാ സെക്രട്ടറി അവതരിപ്പിക്കണം.കാലിക്കറ്റ് സർവ്വകലാശാല അക്കാദമിക് കൗൺസിലേക്ക് മത്സരിക്കുന്ന എ.കെ.ജി.സി.ടി/ എ.കെ .പി സി.ടി.എ./ ആക്ടിന്റെ മുഴുവൻ സ്ഥാനാർത്ഥികളേയും വിജയിപ്പിക്കുവാൻ വേണ്ട ചിട്ടയായ പ്രവർത്തനം നാം ഏറ്റെടുത്ത് നടത്തണം. ഭാവിയിൽ പത്രികാസമർപ്പണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നമ്മൾ കുറച്ച് കൂടി ജാഗ്രത കാണിക്കണം. ഡിസംബർ 28 മുതൽ കൽക്കട്ടയിൽ ചേരുന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഓൾ ഇൻഡ്യാ ഫെഡറേഷൻ ദേശീയ സമ്മേളനത്തിൽ സംഘടനയെ പ്രതിനിധീകരിച്ച് ജന.സെക്രട്ടറി പങ്കെടുക്കുന്നുണ്ട്. ജനുവരി 19, 20, 21 തീയ്യതികളിൽ കാൺപൂരിൽ നടക്കുന്ന ഐഫെക്ടോ കോൺഫറൻസിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ നടത്തി.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിമേൽ വിശദമായ ചർച്ച നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. സർവ്വീസ് മേഖലയിലെ ഡി.എ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് 2024 ജനുവരി 29 ന്റെ സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും വൻ വിജയമാക്കണം. ഇതിൽ ജില്ലകളിൽ നിന്നും ഇപ്രകാരം പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
   തിരുവനന്തപുരം - 250, കൊല്ലം-30, ആലപ്പുഴ -10, , കോട്ടയം - 30, ഇടുക്കി - 15, എറണാകുളം-50, തൃശ്ശൂർ - 25, പാലക്കാട്-40, മലപ്പുറം-30, കോഴിക്കോട്-40, വയനാട്-15, കണ്ണൂർ - 25, കാസർഗോഡ് -20.
2. സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതസംഘ രൂപീകരണ യോഗം ജനുവരി 16ന് കണ്ണൂരിൽ ചേരാൻ തീരുമാനിച്ചു.
3. യാത്രയയപ്പ് സമ്മേളനം, വനിതാ സെമിനാർ എന്നിവ ഫെബ്രുവരി 24 ശനിയാഴ്ച എറണാകുളത്ത് വെച്ച് നടത്താൻ തീരുമാനിച്ചു.ഇതിന്റെ സംഘാടന ചുമതല എറണാകുളം ജില്ലാ സെക്രട്ടറി ഡോ.സുജ.ടി.വി ക്ക് നൽകി.
4. വിവിധ സബ് കമ്മറ്റികൾ ജനുവരി 10 നകം സംസ്ഥാന സമിതിക്ക് റിപ്പോർട്ട് നൽകണം.
5. യൂണിറ്റ് സമ്മേളനങ്ങൾ ജനുവരി 30 ന് മുൻപായും ജില്ലാ സമ്മേളനങ്ങൾ ഫെബ്രുവരി 28ന് അകവും പൂർത്തീകരിക്കണം. ജില്ലാ സമ്മേളനത്തിൽ താഴെ പറയും പ്രകാരം സംസ്ഥാന ഭാരവാഹികൾ പങ്കെടുക്കും.
   തിരുവനന്തപുരം-ഡോ.മുഹമ്മദ് റഫീഖ് ടി., കൊല്ലം-ഡോ. വിനു ഭാസ്കർ, ആലപ്പുഴ-സന്തോഷ്. ടി വർഗ്ഗീസ്, കോട്ടയം-രഘുദാസ് പി.വി, ഇടുക്കി-സന്തോഷ് ടി വർഗ്ഗീസ്, എറണാകുളം-ഡോ. വിനു ഭാസ്കർ, തൃശ്ശൂർ-ശശി.സി.ടി, മലപ്പുറം-ഡോ.മുഹമ്മദ് റഫീഖ് ടി., പാലക്കാട്-ഡോ. എം.എസ്.മുരളി, കോഴിക്കോട്-ഡോ.എൻ.മനോജ്, വയനാട്-ഡോ. എൻ.മനോജ്, കണ്ണൂർ-ഡോ. പ്രിൻസ്.പി.ആർ, കാസർഗോഡ്- ഡോ. എം. എസ്. മുരളി.
6. പ്രവർത്തക ക്യാമ്പിന്റെ റിപ്പോർട്ടും വരവു ചെലവു കണക്കും അംഗീകരിച്ചു.
7. പ്രിൻസിപ്പൽ നിയമനം, പ്രൊഫസർഷിപ്പ്, മറ്റ് പ്ലെയ്സ്മെന്റുകൾ, 2024-25 അക്കാദമിക് വർഷത്തെ പൊതു സ്ഥലംമാറ്റം എന്നിവ വേഗത്തിലാക്കാൻ വേണ്ട ഇടപെടൽ നടത്തും.
8. കാലിക്കറ്റ് സർവ്വകലാശാല അക്കാദമിക് കൗൺസിലിലേക്ക് മത്സരിക്കുന്ന എ.കെ.ജി.സി.ടി/എ.കെ.പി.സി.ടി.എ./ ആക്ടിന്റെ മുഴുവൻ സ്ഥാനാർത്ഥി കളേയും വിജയിപ്പിക്കുവാൻ വേണ്ട പ്രവർത്തനം നടത്തുവാൻ തീരുമാനിച്ചു.

യോഗം രാത്രി 9 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി

തിരുവനന്തപുരം
28-12-2023